# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.521** **04.02.2020-ൽ മറുപടിയ്ക്ക്**

**ലോട്ടറി മേഖലയിലെ പരിഷ്കാരങ്ങൾ**

| | ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറി ടിക്കറ്റുകളിലെ ജി.എസ്.ടി. നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ മേഖലയിൽ എന്ത് പരിഷ്കാരങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്ന തെന്നറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01.03.2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പനവിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. നിലവിൽ 30/-രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം)തുക കുറവ് വരുകയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിലുമാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ലോട്ടറി ടിക്കറ്റ് വിൽപ്പന ഉപജീവനമാർഗ്ഗമാക്കിയ വിഭിന്നശേഷിക്കാരുൾപ്പെടെയുള്ള ആളുകളുടെ ജീവിതോപാധി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ GST 28% ആയി ഏകീകരികരിക്കുന്നതു വഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായ ത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുന്നുണ്ട്. പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്ക വിധത്തിൽ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി ആകർഷകമാക്കിയാണ് സമ്മാന ഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തി ട്ടുള്ളത്. ടിക്കറ്റ് വിറ്റ് ഉപജീപനം നടത്തുന്ന വില്പനക്കാർക്ക് ലഭിക്കുന്ന കമ്മീഷൻ/ വരുമാനം കുറയാത്തവിധമാണ് പുതിയ ഘടന തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ